# Deepika

## 27 August 2018

## Thiruvananthapuram; After Flood, Flood relief

### കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനമേഖലകൾക്കു ലോകബാങ്ക് വായ്പ നല്കും

# പ്രതീക്ഷ 5000 കോടി

സ്വന്തം ലേഖകൻ

**തിരുവനന്തപുരം:** പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർ നിർമിതിക്കായി വായ്പ നൽകുമെന്നു ലോകബാങ്ക് സംഘം സംസ്ഥാന സർക്കാരിന് ഉറപ്പു നൽകി.

മുഖ്യമന്ത്രി പിണറായി വിജയനും ചീഫ് സെക്രട്ടറി ടോം ജോസുമായി നടത്തിയ ചർച്ചയ്ക്കു ശേഷമാണു ലോകബാങ്ക് സംഘത്തിന്റെ ഉറപ്പ്. 5,000 കോടി രൂപയുടെ വായ്പ ലഭ്യമാകുമെന്നാണു പ്രതീക്ഷിക്കുന്നത്. അടുത്ത പത്തു ദിവസത്തിനകം സംഘം ദുരന്ത- നാശനഷ്ടങ്ങളുടെയും ആവശ്യങ്ങളുടെയും അടിയന്തര നിർണയം (റാപ്പിഡ് ഡാമേജ് അസസ്മെന്റ് ആൻഡ് നീഡ്സ് അനാലിസിസ്) നടത്തും. ഇതിനു ശേഷം ചീഫ് സെക്രട്ടറി, വകുപ്പു സെക്രട്ടറിമാർ എന്നിവരുമായി ചർച്ച നടത്തി വായ്പാ ഘടന തയാറാക്കും. കേരളത്തെ പുനർനിർമിക്കാനുള്ള യാത്രയിൽ തങ്ങൾ ഒപ്പമുണ്ടാവുമെന്നു പ്രതിനിധി സംഘം അറിയിച്ചു.

സാധാരണയായി ലോകബാങ്ക് വായ്പ നൽകുമ്പോൾ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ രണ്ടു വർഷം വരെ എടുക്കാറുണ്ട്.

എന്നാൽ, കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ വേഗത്തിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്നും ലോകബാങ്ക് പ്രതിനിധികൾ അറിയിച്ചു. അടിസ്ഥാന സൗകര്യ വികസന മേഖലകളായ കുടിവെള്ളം, റോഡ്, ഗതാഗതം, വിദ്യാഭ്യാസം, ഡ്രെയിനേജ് തുടങ്ങിയ മേഖലകളിലെ പദ്ധതികൾക്കാണു തുക നൽകുക.

പ്രളയ ദുരന്തത്തിൽ നിന്ന് ഉയർത്തെഴുന്നേറ്റു പുതിയൊരു കേരളത്തെ സൃഷ്ടിക്കുകയാണു ലക്ഷ്യമെന്ന് ചർച്ചയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അന്താരാഷ്ട്ര നിലവാരമുള്ള റോഡുകളും പാലങ്ങളും നിർമിക്കുന്നതിലൂടെ ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നു നൽകാനാവും. പ്രളയം സൃഷ്ടിച്ച നഷ്ടത്തിന്റെ വ്യാപ്തി വളരെ വലുതാണ്.

റോഡുകളും പാലങ്ങളും നശിച്ചതിനൊപ്പം ചെറുകിട കച്ചവടക്കാരും ബിസിനസുകാരും വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ഇവരുടെ പുനരധിവാസത്തിന് നിലവിലെ ബാങ്ക് പദ്ധതികൾ മാത്രം മതിയാവില്ല. ഇതിനു ലോകബാങ്കിന്റെ സഹായം ആവശ്യമാണ്.

പരിസ്ഥിതി ദുർബല പ്രദേശത്തുനിന്ന് ജനങ്ങളെ മാറ്റി പുനരധിവസിപ്പിക്കേണ്ടിവരും. ഇത്തരം കാര്യങ്ങളിൽ വേഗത്തിലുള്ള നടപടികൾ ഉണ്ടാവണമെന്നു മുഖ്യമന്ത്രി പറഞ്ഞു. കേരളത്തെ സഹായിക്കാനായി ലോകബാങ്ക് പ്രതിനിധി സംഘത്തെ അയയ്ക്കാൻ തയാറായ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ നടപടിയിൽ അദ്ദേഹം നന്ദി അറിയിച്ചു.

മന്ത്രിമാരായ ഇ.പി.ജയരാജൻ, ഇ.ചന്ദ്രശേഖരൻ, ഡോ.ടി.എം. തോമസ് ഐസക്, എ.കെ. ബാലൻ, മാത്യു ടി. തോമസ്, കടന്നപ്പള്ളി രാമചന്ദ്രൻ, വിവിധ വകുപ്പ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് ഡയറക്ടർ ബന്ദന പ്രേയഷി, വേൾഡ് ബാങ്ക് ആക്ടിംഗ് കൺട്രി ഡയറക്ടർ ഹിഷാം അബ്ദോ, എഡിബി കൺട്രി ഡയറക്ടർ കെനിച്ചി യോക്കോയാമ, വേൾഡ് ബാങ്ക് ലീഡ് ഡിആർഎം സ്പെഷലിസ്റ്റ് ദീപക് സിംഗ്, ഐഎഫ്സി സീനിയർ ഇൻവെസ്റ്റ്മെന്റ് ഓഫീസർ മദൻ കർനാനി എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

# പ്രളയം ബാധിച്ചത് 55 ലക്ഷംപേരെ

**445 പേർ മരിച്ചു.**
**15 പേരെ കാണാതായി**

**കൊച്ചി:** സംസ്ഥാനത്തെ 775 വില്ലേജുകളിലെ 55 ലക്ഷം ജനങ്ങളെ പ്രളയദുരിതം ബാധിച്ചെന്നു സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചു. പ്രളയത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന ആവശ്യമുന്നയിച്ച് ഇടുക്കി സ്വദേശിനി എ.എ. ഷിബി നൽകിയ പൊതുതാത്പര്യ ഹർജിയിലാണ് സർക്കാർ ഇക്കാര്യം അറിയിച്ചത്.

മേയ് 29 മുതൽ ഓഗസ്റ്റ് 25 വരെയുള്ള കാലയളവിൽ കാലവർഷ-പ്രളയ ദുരന്തങ്ങളിൽപ്പെട്ടു 445 പേർക്കു ജീവൻ നഷ്ടമായി. 15 പേരെ കാണാതായി. 140 പേർക്കു ഗുരുതരമായി പരിക്കേറ്റു. 10,000 കിലോമീറ്ററിലേറെ പൊതുമരാമത്ത്-ഗ്രാമീണ റോഡുകളും ഒട്ടേറെ പാലങ്ങളും തകർന്നു. ഓഗസ്റ്റ് 15,16,17 തീയതികളിൽ ഡാമുകളിലെ റിസർവോയറുകളിൽ ജലനിരപ്പ് പെട്ടെന്നു ക്രമാതീതമായി കൂടി. ഓഗസ്റ്റ് രണ്ടാം വാരത്തോടെ മിക്ക ഡാമുകളും തുറക്കേണ്ടിവന്നു.

കനത്ത മഴയും ഡാമുകളിൽ നിന്നു തുറന്നുവിട്ട വെള്ളവും താഴ്ന്ന പ്രദേശങ്ങളെ സാരമായി ബാധിച്ചുവെന്നും സർക്കാരിനു വേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് നൽകിയ സത്യവാങ്മൂലം പറയുന്നു. സംസ്ഥാനത്തു കേന്ദ്ര സർക്കാരും മറ്റ് ദേശീയ സ്ഥാപനങ്ങളുമായും സഹകരിച്ചാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്. പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി തുടങ്ങിയവരുമായി മുഖ്യമന്ത്രി വ്യക്തിപരമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. ദുരന്തത്തിൽ 10,500 വീടുകൾ പൂർണമായി തകർന്നു. അരലക്ഷത്തിലേറെ വീടുകൾക്കു ഭാഗിക നാശനഷ്ടം നേരിട്ടു. ദേശീയ ദുരന്ത നിവാരണ നിയമത്തിലെ മാനദണ്ഡങ്ങൾ പ്രകാരം പുനരധിവാസ-പുനർനിർമാണ പ്രവർത്തനങ്ങൾ തുടങ്ങി. ദുരന്തത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഈ ഘട്ടത്തിൽ കണക്കാക്കാനാവില്ല.

ദുരന്ത സാധ്യതകൾ കുറച്ചുകൊണ്ടുള്ള മികച്ച പുനർനിർമാണമെന്നതാണു സർക്കാർ നയം. ഈ മേഖലയിലെ വിദഗ്ധരുമായും ഗുണഭോക്താക്കളുമായി ചർച്ച നടത്തി പരിസ്ഥിതിക്കിണങ്ങുന്ന പുനരധിവാസത്തിനു സമഗ്ര പദ്ധതിയുണ്ടാക്കും. പ്രളയ ബാധിത പ്രദേശങ്ങളുടെ മാപ്പിംഗും മേഖല തയാറാക്കലും സാറ്റലൈറ്റ് ചിത്രങ്ങളുൾപ്പെടെ ശാസ്ത്രീയ സംവിധാനങ്ങൾ ഉപയോഗിച്ച് തുടങ്ങിക്കഴിഞ്ഞു.

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയാണ് ഇതിന്റെ ഏജൻസി. പുനരധിവാസ പദ്ധതി തയാറാക്കുമ്പോൾ ഈ റിപ്പോർട്ടും പരിഗണിക്കും. ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് അഡി. സെക്രട്ടറി കെ. ഷൈലശ്രീയാണു ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയത്.